**മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ**
**ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്ക്കോപ്പായിൽ നിന്നും**

സർക്കുലർ നമ്പർ: 102

*നമ്മുടെ സഭയിലെ സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും,*
*പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ പ്രിയരെ,

കഴിഞ്ഞ പതിമൂന്ന് സംവത്സരങ്ങളായി മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മെത്രാപ്പോലിത്തയായി അനുഗ്രഹകരമായ ശുശ്രൂഷ നിർവ്വഹിച്ച് 2020 ഒക്ടോബർ 18 ന് കർതൃസന്നിധിയിലേക്കു ചേർക്കപ്പെട്ട ഭാഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ തിരുമേനിയുടെ ധന്യമായ ജീവിതത്തെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.

2020 ഒക്ടോബർ 18 മുതൽ അഭിവന്ദ്യ ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലിത്താ തിരുമേനി മെത്രാപ്പോലിത്തായുടെ ചുമതലകൾ നിർവ്വഹിച്ചു വരികയാണല്ലോ.

2020 ഒക്ടോബർ 27 നു സമ്മേളിച്ച എപ്പിസ്ക്കോപ്പൽ സിനഡിന്റെയും 2020 നവംബർ 6 നു കൂടിയ സഭാ കൗൺസിലിന്റെയും ആലോചനയോടുകൂടി 2020 നവംബർ മാസം 14–ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് തിരുവല്ല, ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ സ്മാരക ആഡിറ്റോറിയത്തിൽ പ്രത്യേകം തയ്യാറാക്കി കൂദാശ ചെയ്യുന്ന മദ്ബഹായിൽ വച്ച് അഭിവന്ദ്യ ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലിത്താ തിരുമേനിയെ, മാർത്തോമ്മാ മെത്രാപ്പോലിത്തയായി സ്ഥാനാരോഹണം ചെയ്യുന്ന ശുശ്രൂഷ നടത്തപ്പെടുന്നതിനു ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ക്രമീകരണങ്ങൾ ചെയ്തു വരുന്ന വിവരം അറിയിച്ചുകൊള്ളുന്നു. തുടർന്ന് രാവിലെ 11 മണിക്ക് അനുമോദന സമ്മേളനവും നടക്കും. സഹോദരീസഭകളിലെ മേലദ്ധ്യക്ഷന്മാരും സാമൂഹിക, രാഷ്ട്രീയ നേതാക്കളും ആശംസകൾ നേരും.

ഈ വിശുദ്ധ ശുശ്രൂഷയിൽ ദൈവകൃപ വ്യാപരിക്കുന്നതിനും ഇരുപത്തിരണ്ടാം മാർത്തോമ്മാ ആയി സ്ഥാനാരോഹിതനാകുന്ന അഭിവന്ദ്യ തിരുമേനിക്ക് സമൃദ്ധമായ ദൈവാനുഗ്രഹം ലഭിക്കുന്നതിനും എല്ലാവരും മുട്ടിപ്പായി പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കോവിഡ്–19 പ്രോട്ടോക്കോൾ പ്രകാരം സർക്കാർ നിബന്ധനകൾ പാലിച്ചു മാത്രമേ ശുശ്രൂഷയിലും അനുമോദന സമ്മേളനത്തിലും ആളുകൾക്കു പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ ഓൺലൈൻ മാധ്യമങ്ങളിലൂടെ സ്ഥാനാഭിഷേക ശുശ്രൂഷയും അനുമോദന സമ്മേളനവും വീക്ഷിക്കുന്നതിന് ക്രമീകരണം ചെയ്യുന്നതാണ്.

എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ സഭാ ആഫീസിൽ നിന്നും 2020 നവംബർ മാസം 6 –ാം തീയതി,

**ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ**